**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 2257 — 17.06.2014-ൽ മറുപടിയ്ക്ക്

## ഫർണിച്ചർ നൽകുന്നതിനുള്ള പദ്ധതി

**ചോദ്യം**

**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**
**ശ്രീ.വി.പി.സജീന്ദ്രൻ**
**ശ്രീ.ജോസഫ് വാഴക്കൻ**
**ശ്രീ.വർക്കല കഹാർ**

**മറുപടി**

**കുമാരി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകാനുള്ള പദ്ധതി 2013-14 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും, പദ്ധതി നടത്തിപ്പിനായി 2013-14 വർഷം 35 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിരുന്നു. |
| ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | ബി) | ഹൈസ്കൂൾ, ഹയർ സെക്കന്ററി, കോളേജ് തലത്തിൽ പഠിക്കുന്ന എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഈ പദ്ധതിയനുസരിച്ച് ഒരു പഠന മേശയും, കസേരയും നൽകുവാനാണ് പദ്ധതിയിലൂടെ ഉദ്ദേശിച്ചിരുന്നത്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന സൗകര്യം വർദ്ധിപ്പിക്കുകയും പഠനത്തിന് പ്രോത്സാഹനം നൽകുകയുമായിരുന്നു പദ്ധതിയുടെ ഉദ്ദേശ്യം. |

| | | | |
|---|---|---|---|
| സി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; | സി) & ഡി) | ഹൈസ്കൂൾ, ഹയർ സെക്കന്ററി, കോളേജ് തലത്തിൽ പഠിക്കുന്ന എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും പഠന മേശയും കസേരയും നൽകുന്നതിനുള്ള പ്രായോഗികമായ ബുദ്ധിമുട്ടുകൾ കാരണം പദ്ധതി ഉപേക്ഷിച്ചു. |
| ഡി) | ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ